# INDIAN SCHOOL AL WADI AL KABIR

## Post Midterm Examination 2024-25

### SUB: MALAYALAM (CODE 012)

Date: 01/12/2024 Time Allowed :3 hours

**അനുവദിച്ച സമയം: 3 മണിക്കൂർ** **ആകെ മാർക്ക്** : **80**

Class: IX Maximum Marks: 80

---

*General Instructions:*

1. This question paper is divided into two sections.

Section A: Reading Comprehension (V.S.A.Q)

: Vocabulary Building & Prose and Poetry (M.C.Q) : 40marks

Section B : Grammar, Composition

: Literature (Prose, Poetry and Supplementary) : 40 marks

---

**SECTION A/ എ വിഭാഗം**

1. **തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിനും 1 മാർക്കു വീതം)** (8**X**1=8)

"മക്കളായ് നാലുപേരുണ്ടെങ്കിലും

അമ്മ ഏകയാണേകയാണീ ഊഴിയിൽ

അച്ഛൻ മറഞ്ഞൊരു കാലം മുതൽക്കമ്മ

ഭാരമായ് തീർന്നുവോ നാലുപേർക്കും?

നാഴൂരിമണ്ണും പകുത്തെടുത്ത് മക്കൾ

നാലു വഴിക്കായ് പിരിഞ്ഞുപോയി

അച്ഛന്റെയാത്മാവുറങ്ങുന്ന

മണ്ണിലന്നന്തിത്തിരി കൺതുറന്നതില്ല

ഉള്ളം തുളുമ്പുന്നൊരോർമ്മകൾ

നോവിന്റയാഴം പെരുക്കിച്ചിതയെരിച്ചു

ദുശ്ശകുനംപോലെ അമ്മയെക്കണ്ടോരാ

മക്കൾ നടന്നു മറയുന്നതും നോക്കി

നെഞ്ചു പൊളിഞ്ഞമ്മ നീറിനിന്നു

ചെല്ലക്കഥകൾ നുകർന്നു രസിച്ചോരാ

പേരക്കിടാവോടിവന്ന നേരം

ശാസിച്ചു നിർത്തി മരുമകളെങ്കിലും

മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ

കൈനീട്ടി നിന്നു കരഞ്ഞു പൈതൽ

**ചോദ്യങ്ങൾ**

(a). മക്കൾക്ക് അമ്മ ഭാരമായത് എന്നു മുതൽ?

(b). മക്കൾ പിരിഞ്ഞുപോയതെങ്ങനെ?

(c). അന്തിത്തിരി കൺതുറക്കാഞ്ഞതെവിടെ?

(d). ചിതയെരിച്ചതെന്ത്?

(e). മക്കൾ അമ്മയെ കണ്ടതെങ്ങനെ?

(f). നെഞ്ചു പൊളിഞ്ഞ് അമ്മ നീറിനിന്നതെപ്പോൾ?

(g). പേരക്കിടാവിനെ ശാസിച്ചു നിർത്തിയതാര്?

(h). പൈതൽ കൈനീട്ടി നിന്ന് കരഞ്ഞതെന്തിന്?

2. **തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോന്നിനും 1 മാർക്കു വീതം)** (7**X**1=7)

വരണ്ടുണങ്ങുന്ന തൊടികൾ, പാടങ്ങൾ
വരൂ, വരൂവെന്നു വിളിച്ചു കേഴുമ്പോൾ
അകന്നു പോകുന്ന മഴമേഘങ്ങളേ,
പകയിതാരോടോ ? പറയുവിൻ നിങ്ങൾ!
തടംതല്ലിയാർത്ത പുഴയുടെ കവിൾ-
ത്തടങ്ങളിൽക്കണ്ണീരുണങ്ങിപ്പോകുമ്പോൾ

ഇവിടെപ്പണ്ടൊരു നദിയൊഴുകിയെ-
ന്നിനിവരുംകാലമയവിറക്കുമ്പോൾ
അകന്നുപോകുന്ന മഴമേഘങ്ങളേ
പകയീമണ്ണിലും പടരുകില്ലയോ?
മരങ്ങളെത്തേടിയുഴന്നുവോ നിങ്ങൾ?
മനുഷ്യരെത്തേടിയലഞ്ഞുവോ നിങ്ങൾ?
പണം പണമെന്ന ചിറകടികേട്ടു
പറന്നുപോയെന്നോ?  വെറുപ്പോ? പേടിയോ?
അടിവേരുംമാന്തിക്കടൽകടത്തുന്ന
അടവുകണ്ടിനിയടുക്കുകില്ലെന്നോ?
ഇരുകാലിൽകുന്തിച്ചിരിക്കും ഞങ്ങടെ
നിറുകയിൽ നിത്യമിടിമുഴങ്ങുന്നു.

**ചോദ്യങ്ങൾ**

(a). തൊടികൾക്കും പാടങ്ങൾക്കും എന്ത് സംഭവിച്ചു?

(b). ആരു വരാനാണ് വിളിച്ചു കേഴുന്നത്?

(c). കണ്ണീരുണങ്ങിപ്പോകുന്ന കവിൾത്തടങ്ങൾ ആരുടേതാണ്?

(d). വരുംകാലം അയവിറക്കുന്നത് എന്താകാം?

(e). മണ്ണിൽ പടരുന്നതെന്ത്?

(f). എന്തിന്റെ ചിറകടിയാണ് കേൾക്കുന്നത്?

(g). നിത്യം ഇടിമുഴങ്ങുന്നത് എവിടെ?

3. **തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** (7X1=7)

(a). 'സൂര്യൻ'എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

1. പരൻ
2. നരൻ
3. ഇനൻ
4. കതിർ

(b). 'കുമാരൻ' എന്ന പദത്തിന്റെ എതിർലിംഗം ഏത്?

1. കുമാര
2. കുമാരു
3. കുമാരി
4. കുമര

(c). 'നിരോധിക്കുക'എന്ന പദത്തിന്റെ അർത്ഥം ഏത്?

1. നശിക്കുക
2. തടയുക

3. നയിക്കുക    4. തെളിക്കുക

(d). 'പാരം - പാര് ' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?

1. ഏറെ - ഭൂമി    2. ഭൂമി – ഏറെ

3. ഒരു ഉത്സവം - ഏറെ    4. ഭൂമി - ഒരു ഉത്സവം

(e). 'മാനുഷാകാരം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

1. മനുഷ്യൻ ആകുന്ന ആകാരം    2. മനുഷ്യന്റെ ആകാരം

3. 'മനുഷ്യനിലെ ആകാരം    4. മനുഷ്യനുള്ള ആകാരം

(f). താഴെ തന്നിരിക്കുന്നവയിൽ 'വില' എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്ന പദം ഏത്?

1. മതിപ്പ്    2. സമൃദ്ധം

3. കോട്ടം    4. വിഭവം

(g). 'കാന്തി' എന്ന പദത്തിന്റെ അർത്ഥം അല്ലാത്ത പദം ഏത്?

1. കൗമുദി    2. ഛവി

3. ശോഭ    4. ദ്യുതി

(h). 'താമസമുണ്ട്' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത്?

1. താമസ + ഉണ്ട്    2. താമസ + മുണ്ട്

3. താമസം + ഉണ്ട്    4. താമസം + മുണ്ട്

(i). 'അഭിജാതൻ' എന്ന പദത്തിന്റെ വിപരീതപദം ഏത്?

1. അനഭിജാതി    2. അനഭിജാത

3. അനഭിജാതം    4. അനഭിജാതൻ

(j). തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക

1. ക്ഷുബിതവ്യാളം    2. ക്ഷുഭിധവ്യാളം

3. ക്ഷുഭിതവ്യാളം    4. ക്ഷുഫിതവ്യാളം

4. **തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 2 മാർക്കുവീതം) (9X2=18)**

(a) "കണ്ണനെ കാൺമതിന്നായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ".

(i). 'കണ്ണനെ കാണുന്നതിനായി പോകുന്നതാരാണ്?

1. നന്ദഗോപർ    2. ശ്രീകൃഷ്ണൻ

3. കംസൻ    4. അക്രൂരൻ

(ii) കണ്ണനെ കാണാൻ എവിടേക്കാണ് പോകുന്നത്?

1. മഥുരയിലേക്ക്  2. ദ്വാരകയിലേക്ക്
3. അമ്പാടിയിലേക്ക്  4. അയോധ്യയിലേക്ക്

(b) "ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ടുണ്ടായിരുന്നു"

(i) കുട്ടികളുമൊത്ത് ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ത്?

1. അഹങ്കാരവും അസൂയയും  2. പക നിറഞ്ഞ വാശി
3. ആർഭാടജീവിതമോഹം  4. അധികാരഭ്രമം

(ii) ആദർശത്തിന്റെയും ലാളിത്യത്തിന്റെയും വടി കൊണ്ട് ആരുടെ ഉയരം കൂട്ടണം എന്നാണ് എഴുത്തുകാരൻ അഭിപ്രായപ്പെടുന്നത്?

1. സന്ന്യാസിയുടെ  2. ഗുരുവിന്റെ
3. സമ്പന്നന്റെ  4. സാധാരണക്കാരന്റെ

(c)"ദീനനായ് നിന്നൊരു ഞാനായ പൂവിൽ നിന്നാനന്ദമാടിക്കളിക്കുമോ താൻ"

(i) 'ദീനനായ് നിന്നൊരു ഞാനായ പൂവ് 'എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെ?

1. കംസനെ  2. അക്രൂരനെ
3. നന്ദകുമാരനെ  4. മാമുനിമാരെ

(ii) താഴെ തന്നിരിക്കുന്നവയിൽ ചെറുശ്ശേരിയുടെ കൃതി ഏത്?

1. ജ്ഞാനപ്പാന  2. ഹരിനാമകീർത്തനം
3. കൃഷ്ണഗാഥ  4. ചിന്താരത്നം

(d) "വെള്ളക്കാരന്റെ കണ്ണ് പതിക്കുന്നതു മാത്രമേ കണ്ടുപിടിത്തമാവുകയുള്ളോ?''

(i) ആരുടെ വാക്കുകളാണിത്?

1. വാഷിങ്ടന്റെ  2. ഡേവിഡ് ലിവിങ്സ്റ്റന്റെ
3. കർഷകന്റെ  4. മൈക്കളിന്റെ

(ii) വിക്ടോറിയാ വെള്ളച്ചാട്ടത്തെ നാട്ടുകാർ എന്താണ് വിളിച്ചിരുന്നത്?

1. ഇടിമുഴക്കമുള്ള സ്ഥലം  2. ഇരുട്ടിന്റെ ഉറവിടം
3. വെൺപതയുള്ള വെള്ളച്ചാട്ടം  4. ശബ്ദവും പുകയുമുള്ള ഇടം

(e) (i) ഉഡുപംക്തിയെ കൊണ്ട് ഇരുട്ട് അകറ്റുന്നത് എപ്പോഴാണ്?

1. സൂര്യൻ ഉദിക്കുമ്പോൾ  2. നക്ഷത്രങ്ങൾ അസ്തമിക്കുമ്പോൾ
3. ഇനൻ പൊലിയുമ്പോൾ  4. ചന്ദ്രൻ മറയുമ്പോൾ

(ii) "ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?

1. ചിത്രയോഗം  2. ഉമാകേരളം
3. വീണപൂവ്  4. കൃഷ്ണഗാഥ

(f) “ആ രണ്ട് അക്ഷരങ്ങളിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നു”

(i) ഏത് രണ്ടക്ഷരങ്ങളിലാണ് മനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നത് ?

1. വിദ്യ
2. ദയ
3. അമ്മ
4. നന്മ

(ii) ‘മരണമെന്ന വാതിലിനപ്പുറം’ എന്ന കൃതി എഴുതിയതാര്?

1. നിത്യചൈതന്യയതി
2. സക്കറിയ
3. എം.എൻ.വിജയൻ
4. എം.പി.പോൾ

(g) "കരളു നടുങ്ങവേ യിമ്മട്ടാമൊരു രംഗം"

(i) ഏതായിരുന്നു രംഗം?

1. ചാട്ടവാറുലയ്ക്കുന്നത്
2. മൂളിപ്പാട്ട് പാടുന്നത്
3. വണ്ടിയും തെളിച്ചു കൊണ്ടു പോകുന്നത്
4. പഴന്തുണി മൂടിയ കട്ടിൽ പേറി മുന്നേറുന്നത്

(ii) കവി എവിടെയാണ് ആ രംഗം കണ്ടത്?

1. പുഴയോരത്ത്
2. കുന്നിൻമുകളിൽ
3. ഗ്രാമവീഥിയിൽ
4. വഴിവക്കിൽ

(h) "അവ നമ്മെ വധിക്കുന്നത് വെറും വിരസത കൊണ്ടുമാത്രം"

(i) എന്തിനെക്കുറിച്ചാണ് സക്കറിയ ഇങ്ങനെ പറയുന്നത്?

1. തവളകളെക്കുറിച്ച്
2. നീർനായ്ക്കളെക്കുറിച്ച്
3. മീനുകളെക്കുറിച്ച്
4. ഹിപ്പോകളെക്കുറിച്ച്

(ii) വെള്ളച്ചാട്ടത്തിനു പിന്നിൽ ലക്ഷ്മണരേഖ വരച്ചു ജീവിക്കുന്നതാര്?

1. മീനുകൾ
2. മുതലകൾ
3. നീർനായ്ക്കൾ
4. പാമ്പുകൾ

(i) “മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ”

(i) ആർക്കാണ് പുണ്ണുകൾ പടർന്നത്?

1. മകന്
2. സുഹൃത്തുക്കൾക്ക്
3. കവിക്ക്
4. വണ്ടിക്കാരന്

(ii) ഈ വരികൾ എഴുതിയ കവി ആരാണ്?

1. ഉള്ളൂർ
2. പി.ഭാസ്കരൻ
3. ചെറുശ്ശേരി
4. ഇടശ്ശേരി

(j) "ഉള്ളവന് ആർഭാടമാകുന്നു തെളിവ്"

(i) ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം ആരുടേതായിരുന്നു?

1. അയ്യൻകാളിയുടെ
2. ചട്ടമ്പിസ്വാമിയുടെ
3. ശ്രീനാരായണ ഗുരുവിന്റെ
4. സ്വാമി വിവേകാനന്ദന്റെ

(ii) ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയുന്നത് ആർക്കാണ്?

1. സർക്കാരിന്
2. സമുദായ സ്ഥാപനങ്ങൾക്ക്
3. രാഷ്ട്രീയക്കാർക്ക്
4. വ്യവസായികൾക്ക്

## SECTION B/ ബി വിഭാഗം

5. **(a) പ്രയോഗം മാറ്റുക** **(2X1=2)**

(i) ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരു നിരോധിച്ചു.

(ii) വാരണാസിയിൽ നിന്നു വന്ന ആ വെയിറ്റർ അത് നിരസിച്ചു.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** **(2X1=2)**

(i) വാരണാസിയിൽ എത്തുന്നതിന് മുൻപുള്ള ഒരു സ്റ്റേഷനിൽ വച്ച് വെയിറ്റർ ഊണ് കൊണ്ടു വന്നു.

(ii) ആത്മരോദനത്തിന്റെ വിതുമ്പലുകൾ ആവുന്നത്രയും അതിശയോക്തി കലർത്തി ഞാനെന്റെ സങ്കടം ഉണർത്തിച്ചു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2X1=2)**

(i) അമ്മ രാത്രിയിൽ വിഭവസമൃദ്ധമായ അത്താഴം ഒരുക്കിവച്ചിരുന്നു

(ii) ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ടും അന്ധകാരവും ഉണ്ടായിരുന്നു

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക **(2X1=2)**

(i) ജീവരക്ഷാർത്ഥം (ii) പ്രതീക്ഷിക്കുക (iii) പിടിച്ചു കുലുക്കുക

6. **ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക** (5)

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക

(i) വിദ്യാർത്ഥികളും സാമൂഹ്യകടമകളും

(ii) മദ്യനിരോധനത്തിന്റെ ആവശ്യകത

(b) വാട്ടർബിൽ അധികമായി വരുന്നതിനെതിരെ വാട്ടർഅതോറിറ്റി ചീഫ് എഞ്ചിനീയർക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക (5)

(c) യുവജനോൽസവത്തിൽ നാടൻപാട്ടിൽ എ ഗ്രേഡ് കരസ്ഥമാക്കിയ നിങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥികളെ അനുമോദിച്ചുകൊണ്ട് നടത്തിയ സമ്മേളനത്തെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക (4)

7. **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക (ഓരോന്നിനും മൂന്ന് മാർക്കു വീതം) (2X3=6)**

(a) "ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു". ആശയം വിശദമാക്കുക

(b) വിക്ടോറിയ വെള്ളച്ചാട്ടം വായുവിൽ തങ്ങി നൽക്കുന്ന ഒരു മരീചികയല്ല എന്ന് മനസ്സിലാകുന്നത് എപ്പോൾ?

(c)" ജീവിതത്തിൽ ആപത്ത് ആർക്കുമുണ്ടാകും. ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത്". സന്ദർഭമെഴുതി വിശദീകരിക്കുക

8. **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക (ഓരോന്നിനും 3 മാർക്ക് വീതം) (2X3=6)**

(a) "ആഴം പൂണ്ടീടുന്നൊരാമോദം തന്നാലേ പൂഴിയിൽ വീണു പുരണ്ടാൻ ചെമ്മേ" അക്രൂരന്റെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ വരികൾ എത്രമാത്രം പര്യാപ്തമാണ്?

(b) അദ്ധ്വാനഭാരം വണ്ടിക്കാരനിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

(c) മിന്നാമിനുങ്ങിന്റെ പ്രവൃത്തി ചൂണ്ടിക്കാട്ടി കവി നൽകുന്ന സന്ദേശമെന്ത്?

9 **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക (ഓരോന്നിനും 3 മാർക്ക് വീതം) (2X3=6)**

(a) ‘നരേന്ദ്രന്റെ ആദ്യത്തെ ആദ്ധ്യാത്മികാനുഭൂതിയായിരുന്നു അത് 'ഏത്? വിശദീകരിക്കുക

(b) സ്വാമി വിവേകാനന്ദന്റെ ജനനത്തെപ്പറ്റി ഒരു കുറിപ്പെഴുതുക

(c) ' നിർഭയത്വം പോലെതന്നെ വിപദിധൈര്യവും നരേന്ദ്രന്റെ കൂടെപ്പിറപ്പായിരുന്നു' വിശദീകരിക്കുക

******